ലെയോ അതിലധികമോ പ്രശസ്തരായ പലരും ഇപ്പോൾ ജീവിച്ചിരിക്കുന്നുണ്ട്. ഭാഗവത പ്രവാചകരിൽ അഗ്രേസരനായ ശ്രീ ആഞ്ഞം മാധവൻ നമ്പൂതിരി അവരിലൊരാളാണ്. ഭക്തനെന്ന നിലയിൽ ശ്രീ ആഞ്ഞത്തിനേക്കാൾ ഒട്ടും താഴെയല്ലാത്ത ഒരു സ്ഥാനമാണ് ഗാനഗന്ധർവനായ ശ്രീ യേശുദാസിനുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു. തന്റെ അഭിവന്ദ്യാചാര്യനായിരുന്ന ചെമ്പൈ വൈദ്യനാഥഭാഗവതരുടെ മാതൃക പിൻതുടർന്ന്, ഈശ്വരനിൽനിന്നു തനിക്കു കൈവന്ന അപൂർവാനുഗ്രഹമായ സംഗീതവൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്തി ഗുരുവായൂരപ്പനെ ഉപാസിക്കുന്നതിനുള്ള ആഗ്രഹം ശ്രീ യേശുദാസ് പലകുറി പ്രകടമാക്കിയിട്ടുണ്ട്.

മഹാകവി കുഞ്ഞിരാമൻനായർ ഗുരുവായൂരപ്പന്റെ ഭക്തനായിരുന്നുവല്ലോ. പരേതനായ ആ മഹാകവിയുടെ കൃതികളിൽ പ്രത്യക്ഷപ്പെടുന്നതിൽ ഒട്ടും കുറയാത്ത ഭക്തി യുവാവായ ശ്രീ യൂസഫലി കേച്ചേരിയുടെ കൃതികളിൽ സഹൃദയർക്ക് അനുഭവപ്പെടുന്നുണ്ട്. ചിദംബരത്തുനിന്നു തന്നെ അകററി നിർത്തിയപ്പോൾ നന്തനാർക്കു തോന്നിയ അതേ വൈവശ്യമാണ് ഗുരുവായൂരിൽനിന്ന് അകന്നു നില്ക്കേണ്ടി വന്നപ്പോൾ ശ്രീ യൂസഫലിക്കും അനുഭവപ്പെട്ടതെന്ന്, യൂസഫലിയുടെ 'അഹൈന്ദവം' എന്ന, മലയാള സാഹിത്യത്തിൽ ശാശ്വത പ്രതിഷ്ഠാർഹമായ, കൃതി വെളിപ്പെടുത്തുന്നു.

ശ്രീ ആഞ്ഞം മാധവൻനമ്പൂതിരി ക്ഷേത്രത്തിലെത്തി ആരാധന ചെയ്തുവരുന്നു എന്നതു് ഗുരുവായൂരപ്പനു സന്തുഷ്ടി നൽകുന്നുണ്ടാവണം. പക്ഷേ, ആഞ്ഞത്തോടൊപ്പം ശ്രീ യേശുദാസും ശ്രീ യൂസഫലിയും സോപാനത്തിൽ നില്ക്കുന്നതു് കാണുമ്പോഴേ ആ ഭക്തവത്സലനു പൂർണമായ ആഹ്ലാദം കൈവരുകയുള്ളു എന്നാണ് എന്റെ വിശ്വാസം.

സ്പൃഹണീയമായ ഈ ലക്ഷ്യം കൈവരുത്തുവാൻ, കേരളത്തിലെ മുഖ്യമന്ത്രിയെന്ന നിലയിലും ഗുരുവായൂരപ്പന്റെ ഭക്തനെന്ന നിലയിലും ശ്രീ കരുണാകരൻ എന്തെങ്കിലും ചെയ്യുമോ?

ആദ്യം പറഞ്ഞതുപോലെ, കേരളത്തിലെ ക്ഷേത്രാരാധനയിൽ ഇന്നു കാണുന്ന നിരർത്ഥകങ്ങളായ നിയന്ത്രണങ്ങൾക്കെല്ലാം ഉത്തരവാദം വഹിക്കേണ്ടതു് അവസാന വിശകലനത്തിൽ കേരളസർക്കാർതന്നെയാണ്. ആ സർക്കാരിന്റെ തലപ്പത്തിരിക്കുന്ന മുഖ്യമന്ത്രിക്ക് ഈ ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞു നില്ക്കാനാവില്ല.

7 ഡിസംബർ 1982

# 45. മലിനകേരളം

സയൻസിനും ടെക്നോളജിക്കുമായി ഔദ്യോഗികതലത്തിൽ ഒരു കമ്മററിയെ കേരള ഗവൺമെൻ്റ് നിയമിച്ചിട്ടുണ്ട്. 'കേരളത്തിൽ പരിസ്ഥിതിയുടെ ഇന്നത്തെ നില' എന്ന പേരിൽ ഒരു റിപ്പോർട്ട് ഈ കമ്മററി തയ്യാറാക്കുകയും മുഖ്യമന്ത്രി ശ്രീ കരുണാകരൻ ജൂൺ ഒമ്പതാം തീയതി അതു് തിരുവനന്തപുരത്തു് പ്രകാശിപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ടിലെ വിവരങ്ങൾ കേരളത്തിലെ എല്ലാ ജനങ്ങളും അറിഞ്ഞിരിക്കേണ്ടതാണ്. ജനജീവിതത്തിന്റെ ഇന്നത്തെ ഗുണനിലവാരത്തെ, അഗാധമായി ബാധിക്കുന്ന കാര്യങ്ങളെപ്പററിയാണ് ഈ റിപ്പോർട്ട് പ്രതിപാദിക്കുന്നതു്. അതോടൊപ്പം ജനജീവിതത്തിന്റെ നാളത്തെ നിലയെപ്പററി ഗുരുതരങ്ങളായ ആശങ്കകൾക്ക് അതു് ഇടവരുത്തുന്നുമുണ്ട്.

കേരളത്തിൽ മുഖ്യമായി പത്തു നദികളാണുള്ളതു്.

ഇവയിൽ അഞ്ചും—ചാലിയാർ, ചാലക്കുടിപ്പുഴ, പെരിയാറ്, പമ്പയാറ്, കല്ലടയാറ്-അഴുക്കുചാലുകളോ വിഷച്ചാലുകളോ ആയി മാറിക്കഴിഞ്ഞിട്ടുണ്ടെന്ന് ഈ റിപ്പോർട്ട് അസന്ദിഗ്ദ്ധമായി പ്രസ്താവിക്കുന്നു. ഈ പുഴകൾക്ക പുറമേ, വേമ്പനാട്, അഷ്ടമുടി എന്നീ കായലുകളും മാലിന്യകേന്ദ്രങ്ങളായിത്തീർന്നിട്ടുണ്ട്. വ്യവസായശാലകളിൽനിന്നും പുറംതള്ളുന്ന രാസവസ്തുക്കളും മറ്റു മാലിന്യങ്ങളുമടങ്ങിയ വെള്ളവും, മുനിസിപ്പാലിററികളിലെ മലജലവും, കൃഷിപ്രവർത്തനങ്ങളിലെ അവശിഷ്ട വസ്തുക്കളും ഇപ്പോൾ ഈ നദികളിലും കായലുകളിലുമാണ് നിക്ഷേപിക്കപ്പെടുന്നത്.. അതിനാൽ ഇവയിലെ വെള്ളം വീടുകളിലോ വ്യവസായശാലകളിലോ, മീൻ വളർത്തുന്നതിനോ, വിനോദാവശ്യങ്ങൾക്കോ ഉപയോഗിക്കുന്നത് സുരക്ഷിതമോ, ആരോഗ്യകരമോ അല്ലാതായിരിക്കുന്നു.

പലതരം വിഷവസ്തുക്കളടങ്ങിയ അഞ്ചു ലക്ഷം ക്യൂബിക് മീററിലേറെ മലിനജലം വലിയ ഫാക്ടറികളിൽനിന്ന് ഓരോ ദിവസവും കേരളത്തിലെ പുഴകളിൽ എത്തിച്ചേരുന്നു. മാവൂരിലെ ഗ്വാളിയർ റയോൺസ് ഫാക്ടറി ചാലിയാററിലേക്ക ദിവസേന തള്ളുന്നത് 548 ലക്ഷം ലിററർ മലിനവസ്തുക്കളാണ്. ഈ ഫാക്ടറിക്ക താഴെ പുഴവെള്ളം വിഷമയമാണ്. അതിൽ പ്രാണവായു ഒട്ടുംതന്നെ അലിഞ്ഞു ചേർന്നു കാണുന്നില്ല.

ചാലക്കുടിയിലെ പോൾസൺസ് ഡിസ്റ്റിലറി, കൊരട്ടിയിലെ മധുര കോട്ട്സ് എന്നീ ഫാക്ടറികളിലേയും ഏതാനും മരച്ചീനിപ്പൊടി ഫാക്ടറികളിലേയും മാലിന്യമാണ് ചാലക്കുടിപ്പുഴയിൽ കലരുന്നത്.

കേരളത്തിലെ ഏററവും വലിയ പുഴയായ പെരിയാറാണ് ഏററവും മലിനം. ഈ സംസ്ഥാനത്തിലെ വ്യവസായ ശാലകളിൽ ഇരുപത്തഞ്ചു ശതമാനവും പെരിയാറിന്റെ കരയിൽ, ഉദ്യോഗമണ്ഡലിലോ പരിസരങ്ങളിലോ ആണ്. ഈ നദിയിൽ കഠിനവിഷമായ രസം കലർത്തുന്നതിന്റെ മുഖ്യ ഉത്തരവാദിത്വം സർക്കാർവക ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് എന്ന കമ്പനിക്കാകുന്നു. 'ഇന്ത്യൻ റെയർ എർത്ത്സ് ലിമിററഡ്' എന്ന കമ്പനിയിൽനിന്ന് റേഡിയോ പ്രസരണമുള്ള മാലിന്യങ്ങളും 'ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലിമിററഡ്' എന്ന കമ്പനിയിൽ നിന്ന് ഡി. ഡി. ററി.യും മററു കീടനാശങ്ങളായ വിഷവസ്തുക്കളും പെരിയാറിൽ ഒലിച്ചു ചേരുന്നു. അങ്ങനെ പെരിയാറിന്റെ മാലിന്യപ്രശ്നം അത്യന്തം ഗൗരവപൂർണമായ ഒരു ഘട്ടത്തിലെത്തിയിരിക്കുന്നു.

'ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ്' എന്ന കമ്പനി പമ്പയാറിലും 'പുനലൂർ പേപ്പർമിൽസ്' കല്ലടയാറിലും മാലിന്യം കലർത്തുന്നു.

കേരളത്തിൽ വ്യവസായങ്ങൾ ആരംഭിച്ചു തുടങ്ങുന്നതേയുള്ളു. അപ്പോഴേക്കും നാട്ടിലെ പുഴകൾ ഇത്രമാത്രം മലിനങ്ങളായിത്തീർന്നിട്ടുണ്ടെങ്കിൽ, സർക്കാരിന്റെ പരിശ്രമഫലമായി കൂടുതൽക്കൂടുതൽ വ്യവസായങ്ങൾ ഇങ്ങോട്ട് ആകർഷിക്കപ്പെടുമ്പോഴത്തെ സ്ഥിതി എന്തായിരിക്കും?

> കളിർമുലകളരുണ്ടി, ല്ലോമനേ, നീ തിരണ്ടി-
> ല്ലതിനിടയിലനംഗന്നായിരം വില്ലൊടിഞ്ഞു:
> കിളിമൊഴി, തവ വാശ്ശും യൗവനംവന്നുദിക്കു-
> ന്നളവിവിടെ ഭവിക്കും ഘോഷമെന്തായിരിക്കും?

എന്നു വ്യവസായവല്ലഭരണത്തോട് നാം ഇപ്പോഴേ ചോദിക്കേണ്ടിയിരിക്കുന്നു.

ജലസേചനത്തിനും, നഗരങ്ങളിൽ വിതരണത്തിനും വെള്ളം എടുക്കുന്ന സ്ഥലങ്ങൾക്ക താഴയേ പുഴകളിൽ മാലിന്യം കലർത്തുന്നുള്ളു എന്നും,

അതിനാൽ മാലിന്യം കടലിൽ കലർന്നു നഷ്ടപ്പെട്ടുകൊള്ളുമെന്നും അതു കൊണ്ടു് ജനങ്ങഠംക്കു് ഉപദ്രവമൊന്നും ഇല്ലെന്നുമാണു് അനിയന്ത്രിതമായ ഈ മലിനീകരണത്തിനു് ഒഴിവുകഴിവു പറഞ്ഞിരുന്നതു്. പക്ഷേ, കമ്പനി കഠംക്കു താഴെയുള്ള പുഴവെള്ളം മത്സ്യങ്ങളുടെ പുനരുല്പാദനത്തിൽ നിർണാ യകമായ പങ്കു വഹിക്കുന്നുണ്ടു്. അതിനാൽ അഴിമുഖങ്ങളുടെ മലിനീകര ണം കേരളത്തിലെ ഉഠംനാടു ജലാശയങ്ങളിൽ മാത്രമല്ല തീരക്കടലിലും മത്സ്യം പിടിച്ചു ജീവിക്കുന്നവർക്കു് ഇപ്പോഠംത്തന്നെ ഗുരുതരമായ ഒരു വി പത്താണു്; കാലക്രമേണ ഈ വിപത്തിന്റെ തീക്ഷ്ണത വർദ്ധിച്ചു വരു കയും ചെയ്യും.

കൃഷിയിൽ അനിയന്ത്രിതമായി കീടനാശിനികഠം ഉപയോഗിക്കുന്ന തു മൂലം, കേരളത്തിന്റെ നെല്ലറയെന്നു വിളിക്കപ്പെട്ടിരുന്ന കുട്ടനാട്ടിലെ വെള്ളം ഏറെക്കുറെ മുഴുവനും ഇന്നു വിഷദൂഷിതമായിട്ടുണ്ടു്. നാല്പത്താറു തരം കീടനാശക വിഷങ്ങഠം, എല്ലാംകൂടി ആയിരം ടണ്ണോളം, ഓരോ പൂവ ലിലും ഇവിടെ ഉപയോഗിക്കപ്പെടുന്നു. ഈ വിഷം ഒട്ടുംതന്നെ നശിക്കു ന്നില്ല; എല്ലാം വെള്ളത്തിൽ കലർന്നു് ഈട്ടം കൂടുന്നതേയുള്ളു. ഇതോടൊ പ്പം വീടുകളിലെ കക്കൂസുകളിലെ മാലിന്യവും ചപ്പു ചവറുകളും എല്ലാം വെള്ളത്തിലേക്കൊഴുകിയെത്തുന്നു. ഇതു് കുട്ടനാടിനെ വലിയൊരു കപ്പക്കു ഴിയാക്കി മാററിയിരിക്കുന്നു.

തണ്ണീർമുക്കം ബണ്ടു് ആണു് കുട്ടനാടിന്റെ ദുരന്തത്തിനു് മുഖ്യ ഉത്തര വാദി. കോഴിക്കോട്ടുള്ള ജലവികസന–മാനേജ്മെൻറു് കേന്ദ്രത്തിലെ ഡോ. ആർ. ഗോപാലകൃഷ്ണൻ തയ്യാറാക്കിയ ഒരു പ്രബന്ധം, ഈ ബണ്ടു് എത്രമാത്രം അനാവശ്യവും ഉപദ്രവകരവുമാണെന്നു് വിശദമാക്കുന്നുണ്ടു്. കുട്ടനാട്ടിൽ പുഞ്ചയ്ക്കുപുറമേ മുണ്ടകൻകൂടി കൃഷിയിറക്കാൻസാധിക്കണമെന്നു വിചാരിച്ചാണു്, കടലിൽനിന്നു് വേമ്പനാട്ടു കായലിലേക്കു് ഉപ്പുവെള്ളം കടക്കുന്നതു തടയാൻ, ഈ ബണ്ടു കെട്ടിയതു്. ബണ്ടു് ഇല്ലാതെതന്നെ, കൃഷിയുടെ ക്രമം അല്പമൊന്നു മാററിയാൽ, ഇവിടെ രണ്ടു പൂവൽ കൃഷി ചെയ്യാൻ കഴിയുമെന്നു് ഡോ. ഗോപാലകൃഷ്ണൻ പ്രസ്താവിക്കുന്നു. കടൽ വെള്ളം കായലിലേക്കു കടക്കാത്തതുമൂലം ഇപ്പോഠം ബണ്ടിനു തെക്കു് കായലിലും കിണറുകളിലുമുള്ള വെള്ളം പശപോലെ ഒട്ടാൻ തുടങ്ങിയിട്ടു ണ്ടു്. അതിന്റെ സ്വാദും മാറിയിരിക്കുന്നു. കുട്ടനാട്ടിലെ വെള്ളത്തിൽ അടിഞ്ഞു കൂടുന്ന മാലിന്യം ഇപ്പോഠം കടലിലേക്കു പോകാതെ അവിടെ ത്തന്നെ കെട്ടി നില്ക്കുകയാണു്. ഇതുമൂലം കൊതുകുകഠം പെരുകുന്നു. അതി സാരം, മഞ്ഞപ്പിത്തം, ടൈഫോയ്ഡ്, മന്തു്, കൃമിരോഗങ്ങഠം, ആസ്ത്മ, ചൊറി മുതലായ സുഖക്കേടുകഠം കുട്ടനാട്ടിൽ വർദ്ധിച്ചു വരികയാണത്രേ. രാസവളങ്ങളിലെ നൈട്രെയ്ററുകളും ഫോസ്ഫെയ്ററുകളും കലങ്ങിയ വെള്ളത്തിൽ ആഫ്രിക്കൻപായലും മററു കളകളും പെരുകുന്നു. വെള്ളത്തിൽ ഉപ്പു കലരുന്നില്ലെന്നതു് ഈ കളകളുടെ ത്വരിതമായ വളർച്ചയ്ക്കു് അനുകൂല മാണു്. കളകളുടെ വർദ്ധന മത്സ്യങ്ങളെ നശിപ്പിക്കുന്നു. കുട്ടനാട്ടിൽ മുമ്പുണ്ടായിരുന്ന പലതരം കക്കകളും മത്സ്യങ്ങളും ഇന്നു് അവിടെയില്ല. കക്ക വാരി ജീവിച്ചിരുന്നവരുടെ കൊററു് മുടങ്ങിയിരിക്കുന്നു.

കുട്ടനാട്ടിലും പരിസരങ്ങളിലും പാർക്കുന്നവർ ഡോ. ഗോപലകൃ ഷ്ണന്റെ പ്രബന്ധം പൂർണമായും വായിച്ചുപഠിക്കുകതന്നെ വേണം.

തൊണ്ടു ചീയിക്കുന്നതുമൂലം കേരളത്തിൽ പല സ്ഥലങ്ങളിലും വ്യാപകമായ തോതിൽ ജലമലിനീകരണം സംഭവിക്കുന്നുണ്ടു്. ഇതു മത്സ്യ വ്യവസായത്തെ സാരമായി ബാധിക്കുന്നു. ആഫ്രിക്കൻ പായൽ പോലെയു ള്ള ജലസസ്യങ്ങളുടെ വ്യാപ്തിയാണു് ജലമലിനീകരണത്തിന്റെ മറെറാ രു കാരണം. വാരിക്കളഞ്ഞോ, രാസവസ്തുക്കളെപ്രയോഗിച്ചോ, ഈ കള കഠം നശിപ്പിക്കുക അസാദ്ധ്യമാണെന്നു വന്നിരിക്കുന്നു. കാലിത്തീററ,

വളം, കടലാസ് മുതലായവ നിർമിക്കാൻ ഈ പായലുകളെ ഉപയോഗപ്പെടുത്തിത്തുടങ്ങിയാലേ ഈ പ്രശ്നം പരിഹരിക്കപ്പെടുകയുള്ളു.

മലിനീകരണം തടയുന്നതിന് ഏതാനും ഫാക്ടറികൾ കൈക്കൊണ്ടു വരുന്ന നടപടികളെക്കുറിച്ചും റിപ്പോർട്ടിൽ പറയുന്നുണ്ട്. ഈ നടപടികൾ പര്യാപ്തങ്ങളല്ല എന്നതും, വേണ്ടത്ര ശ്രദ്ധയോടെ അവ നടപ്പിലാക്കുന്നില്ല എന്നതുമാണ് മലിനീകരണ പ്രശ്നത്തെ രൂക്ഷമാക്കിത്തീർക്കുന്നത്. മലിനീകരണ പരിഹാര നടപടികൾ ഫാക്ടറികൾക്കു മാത്രമായി വിട്ടുകൊടുക്കാതെ, പരിസരങ്ങളിൽ പാർക്കുന്ന ജനങ്ങൾകൂടി അവയിൽ ശ്രദ്ധിച്ചാലേ എന്തെങ്കിലും പ്രയോജനമുണ്ടാവുകയുള്ളു. ഫാക്ടറികൾ നിലകൊള്ളുന്ന പഞ്ചായത്തുകളും മുനിസിപ്പാലിററികളും സ്വന്തമായ പരിസര നിരീക്ഷണ വിഭാഗങ്ങൾ ഉണ്ടാക്കണം. പൊതുജനങ്ങൾ ജാഗ്രതയോടെ, തങ്ങളുടെ ചുററുപാടും പ്രകൃതിയിൽ ഉണ്ടാവുന്ന മാററങ്ങൾ നിരീക്ഷിച്ചുകൊണ്ടിരിക്കുകയും വേണം.

മനുഷ്യരുടെ ആരോഗ്യത്തിന്റെ അസ്ഥിവാരം പടുത്തുയർത്തിയിട്ടുള്ളത് പരിസരാരോഗ്യത്തിലാണ്. പരിസര ശുചിത്വത്തിൽ നാം ഒരിക്കലും അലസരായിക്കൂടാ.

15 ജൂൺ, 1982

# 46. വ്യാവസായിക മലിനീകരണം

കേരളത്തിൽ വ്യാവസായിക മലിനീകരണത്തിന്റെ പര്യായമായി മാറിയിരിക്കുകയാണല്ലോ മാവൂരിലെ ഗ്വാളിയോർ റയോൺസ്. ഈ കമ്പനിയിൽനിന്നുള്ള വിഷം കലർന്ന് ചാലിയാർ മരിച്ചുപോയിരിക്കുന്നു. അന്തരീക്ഷത്തിൽ തങ്ങിനിൽക്കുന്ന പുക പരിസര ഗ്രാമങ്ങളിലെ സസ്യ-ജന്തു ജീവിതത്തെ രോഗബാധിതമാക്കിയിരിക്കുന്നു.

ഈ മലിനീകരണത്തിനെതിരായ ഒരു ജനകീയപ്രസ്ഥാനം മാവൂർ പരിസരങ്ങളിൽ വേരുപിടിച്ചു വളർന്നിട്ടുണ്ട്. ചാലിയാർ ജല വായു സംയുക്തസമരസമിതി, ചാലിയാർ വിമോചന മുന്നണി മുതലായ സംഘടനകളാണ് ഈ പ്രസ്ഥാനത്തിനു നേതൃത്വം നൽകുന്നത്. ഈ സംഘടനകളുടെ ആഭിമുഖ്യത്തിൽ മാർച്ച് 19-ാം തീയതി നടന്ന ഒരു തോണിജാഥയുടെ റിപ്പോർട്ട് മാർച്ച് 21-ാം തീയതിയിലെ മാതൃഭൂമിയിലുണ്ട്. ജാഥയുടെ സമാപ്തിയിൽ ചാലിയാറിന്റെ മക്കൾ ഇങ്ങനെയൊരു പ്രതിജ്ഞയെടുത്തുവത്രേ: 'ഞങ്ങളുടെ സർവസ്വമായ ചാലിയാർ ജലം ശുദ്ധീകരിക്കാതെ, അന്തരീക്ഷം മലിനീകരണത്തിൽനിന്നു മോചിപ്പിക്കാതെ, മാവൂർ റയോൺസ് ഫാക്ടറി പ്രവർത്തിപ്പിക്കുവാൻ ഞങ്ങൾ അനുവദിക്കില്ല. തീർച്ച!'

പരിസരവിശുദ്ധിയെപ്പററി യാഥാർത്ഥ്യനിഷ്ഠവും തീവ്രവുമായ ബോധം ജനങ്ങളിൽ ഉണ്ടായിവരുന്നുണ്ടെന്നത് സന്തോഷകരമായ ഒരു സംഗതിയാണ്.

ഒരുപക്ഷേ, ചാലിയാർ പ്രദേശംപോലെയോ അതിലധികമോ മാലിന്യ ദൂഷിതങ്ങളായ പ്രദേശങ്ങൾ കേരളത്തിൽ വേറെയുമുണ്ട്. ഉദ്യോഗമണ്ഡൽ നിലകൊള്ളുന്ന ആലുവാപ്പുഴയുടെ പരിസരങ്ങളാണ് ആദ്യമായി എടുത്തു പറയേണ്ടത്. ആലുവാപ്പുഴയിലുള്ളത്ര ഡി. ഡി. ററി. ലോകത്തിലെ മറെറാരു പ്രദേശത്തുമുള്ള തുറന്ന വെള്ളത്തിൽ കാണുകയില്ലത്രെ. മലകളിലെ തോട്ടങ്ങളിൽ ഉദാരമായി അടിക്കുന്ന ഡി. ഡി. ററി. യാണ്